"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിലെ 07/06/2019 മുതൽ 31/03/2020 വരെയുള്ള ശ്രീമതി ഫെബയുടെ യു.പി. എസ്.ടി തസ്തികയിലുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നത് - പുന:പരിശോധന ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.10534/2025/GEDN തീയതി,തിരുവനന്തപുരം, 26-12-2025

പരാമർശം:-
1. സ. ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. സി.എസ്.ഐ ഡയോസിയൻ സ്കൂൾസ് മാനേജർ സർക്കാരിൽ സമർപ്പിച്ച 20/08/2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ DGE/19332/2025-G1, തീയതി 08/10/2025 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിലെ 2019-20 വർഷത്തെ എച്ച്.ടി.വി. തസ്തികയിലുള്ള ശ്രീമതി. ഫെബ കെ. ജെ - യുടെ 07/06/2019 മുതൽ 31/03/2020 വരെയുള്ള നിയമനം ശ്രീമതി. ഫെബ കെ.ജെ - യുടെ യു.പി.എസ്.ടി തസ്തികയിലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കോഴിക്കോട് സി.എസ്.ഐ. സ്കൂൾസ് ഇൻ മലബാർ ആന്റ് വയനാട് കോർപ്പറേറ്റ് മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളുമായി 10/10/2025 ൽ ഹിയർ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

2. ഹർജിക്കാരനായ കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ് :

ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്ന തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിൽ 2019-20 വർഷത്തെ എച്ച്.ടി.വി തസ്തികയിൽ ശ്രീമതി. ഫെബ കെ.ജെ - യെ യു.പി.എസ്.ടി ആയി 07/06/2019 മുതൽ 31/03/2020 വരെ നിയമിച്ചിരുന്നു. ആയത് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറും തുടർന്ന് ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് 14/07/2024 തീയതിയിലെ ജി1/231704/2020 നമ്പർ ഉത്തരവ് പ്രകാരം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാൻ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം നിയമന പ്രൊപ്പോസൽ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പുന:സമർപ്പിച്ചെങ്കിലും ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ

22/04/2025 തീയതിയിലെ ഡി/815124/2025 നമ്പർ ഉത്തരവ് പ്രകാരം എച്ച്.ടി.വി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനായി അപേക്ഷ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ വീണ്ടും നിരസിച്ചിരിക്കുയാണ്. ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമക്ഷം വീണ്ടും അപ്പീൽ സമർപ്പിച്ചിരുന്നെങ്കിലും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 06/08/2025 തീയതിയിലെ ജി1/834963/2025 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മുമ്പാകെ ഹർജി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

i. 2019-2020 വർഷത്തെ എച്ച്.ടി.വി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന അപേക്ഷ ചില സാങ്കേതിക കാരണങ്ങളാൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല ആയത് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.
ii. 2019-2020 വർഷത്തിൽ പാലക്കാട് ജില്ലയിൽ യു.പി.എസ്.ടി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകർ ആരുമില്ലെങ്കിൽ ശ്രീമതി.ഫെബ കെ.ജെ യുടെ എച്ച്.ടി.വി തസ്തികയിലെ നിയമനം അംഗീകരിക്കാനുള്ള ഉത്തരവ് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.
iii. ശ്രീമതി.ഫെബ കെ.ജെ 7.6.2019 മുതൽ 31.3.2020 വരെ മേൽ സ്കൂളിൽ ജോലി ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്നു.

മേൽ സാഹചര്യത്തിൽ, 2019-2020 വർഷം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ യു.പി.എസ്.ടി തസ്തികയിൽ സംരക്ഷിതാദ്ധ്യാപകർ ആരും ഇല്ലെങ്കിൽ ശ്രീമതി. ഫെബ കെ.ജെ. യുടെ 07/06/2019 മുതൽ 31/03/2020 വരെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിക്കാനാവശ്യമായ നിർദ്ദേശം ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം ഇപ്രകാരമാണ്:

തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിലെ എച്ച്.ടി.വി വേക്കൻസിയിൽ മാനേജർ 07/06/2019 മുതൽ 31/03/2020 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ശ്രീമതി. ഫെബ കെ.ജെ.യുടെ നിയമന അപേക്ഷ അധിക തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന സർക്കാർ നിർദ്ദേശമുള്ളതിനാൽ 11/10/2019ൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു.

ആയതിനെതിരെ, തൃക്കടീരി ബി.ഇ.എം.യു.പി സ്കൂൾ മാനേജർ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/10/2022 തീയതിയിലെ എച്ച്2/5594/2022/ഡി.ജി.ഇ നം. കത്ത് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് നിയമനത്തിനായി മാനേജർമാർ നിയമാനുസൃതം സംരക്ഷിതാദ്ധ്യാപകരെ ആവശ്യപ്പെടുകയും ജില്ലാ തലത്തിൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ സംരക്ഷിതാദ്ധ്യാപകരെ ലഭ്യമാകുന്നതുവരെ പ്രസ്തുത

സ്കൂളിലെ അത്തരം ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുവാൻ നിർദ്ദേശം നൽകികൊണ്ടും അതിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം സംബന്ധിച്ച് തീരുമാനം എടുക്കുവാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/10/2022 തീയതിയിലെ എച്ച്2/5594/2022/ഡി.ജി.ഇ. നം. കത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്നതിനാൽ തൃക്കടീരി ബി.ഇ.എം.യു.പി സ്കൂളിലെ എച്ച്.ടി.വി വേക്കൻസിയിൽ മാനേജർ നിയമിച്ച ശ്രീമതി. ഫെബ കെ.ജെ. യുടെ 07/06/2019 മുതൽ 31/03/2020 വരെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം പുനഃപരിശോധിക്കുകയും 22/04/2025ലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം നിരസിച്ച നടപടികയുമുണ്ടായി. തുടർന്ന് വീണ്ടും മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ റിവിഷൻ അപ്പീൽ സമർപ്പിക്കുകയും ഉത്തരവ് നമ്പർ G1/231704/2020, തീയതി 06/08/2025 പ്രകാരം പ്രസ്തുത നിയമനം സംബന്ധിച്ച് തീരുമാനം എടുക്കാൻ ഉത്തരവ് നം. G1/231704/2020 തീയതി 14/07/2024 പ്രകാരം ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നൽകി തീർപ്പാക്കിയതിനാൽ ടി ഹർജി സർക്കാർ തലത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു അപ്രകാരം റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവായിരുന്നു.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങൾ, സർക്കാർ മുൻപാകെ സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എച്ച്.ടി.വി തസ്തിക സംരക്ഷിതാധ്യാപകനെ കൊണ്ട് മാത്രമേ നികത്താൻ പാടുള്ളൂവെന്നും നിലവിൽ എച്ച്.ടി.വി തസ്തികയിൽ ഏതെങ്കിലും അധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ നിയമനം അംഗീകരിക്കേണ്ടതില്ലെന്നും 06/02/2021-ലെ G.O.(P) No. 04/21/G.Edn ക്രമനമ്പർ (5)- ൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ KER Chapter XX1 rule 7(1) മുതൽ 7(4) വരെയുള്ളവ പ്രകാരമോ മറ്റു സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് മാനേജർമാർ നിയമാനുസൃതം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടുകയും ജില്ലാതലത്തിൽ അവരെ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംരക്ഷിതാധ്യാപകരെ ലഭ്യമാകുന്നതുവരെ പ്രസ്തുത ഒഴിവുകളിൽ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ താത്കാലിക നിയമനം നടത്താവുന്നതാണെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്./5594/2022/ഡി.ജി.ഇ, തീയതി 1.10.2022 കത്തിൽ നിർ ദേശിച്ചിട്ടുണ്ട്. എന്നാൽ, 2019-20 വർഷം അനുവദിച്ച എച്ച്.ടി.വി തസ്തികയിൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനുള്ള അപേക്ഷ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നല്കിയിട്ടില്ല. പ്രസ്തുത അപേക്ഷ ചില സാങ്കേതിക കാരണങ്ങളാൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുവാൻ കഴിഞ്ഞില്ല എന്ന് മാനേജർ ഹിയറിംഗ് സമയത്ത് അറിയിക്കുകയുണ്ടായ.

5. മേൽസാഹചര്യത്തിൽ, 06/02/2021 തീയതിയിലെ സ.ഉ. (പി) നം. 04/2021/G.Edn പ്രകാരവും 01/10/2022 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

എച്ച്2/5594/2022/ഡി.ജി.ഇ നമ്പർ കത്തിലൂടെയും അനുവദിച്ചിരിക്കുന്ന ഇളവ് ശ്രീമതി. ഫെബ കെ. ജെ. യുടെ നിയമനത്തിൽ ലഭ്യമാക്കുന്നതിനായി നിർദേശമനുസരിച്ച് തൃക്കടീരി ബി.ഇ.എം.യു.പി സ്കൂൾ മാനേജർ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടി സ്കൂളിൽ 2019-20 വർഷത്തെ എച്ച്.ടി.വി തസ്തികയിലുള്ള ശ്രീമതി. ഫെബ കെ.ജെ. യുടെ 07/06/2019 മുതൽ 31/03/2020 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കണമെന്ന് പരാമർശം (2) പുന:പരിശോധന ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ. സ്കൂൾസ് ഇൻ മലബാർ & വയനാട്, കോഴിക്കോട് - 673 001.

ശ്രീമതി. ഫെബ കെ.ജെ., യു.പി.എസ്.ടി., തൃക്കടീരി ബി.ഇ.എം.യു.പി സ്കൂൾ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 26-12-2025 15:56:31